അഫിലിയേറ്റഡ് കോളേജുകളിലും സർവ്വകലാശാല പഠന വകുപ്പുകളിലും ക്ലാസ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച  പൊതു നിർദ്ദേശങ്ങൾ

സൂചന - 1. UGC GUIDELINES FOR RE – OPENING THE UNIVERSITIES AND COLLEGES POST LOCKDOWN DUE TO COVID- 19 PANDEMIC, NOVEMBER 2020

2. GO (RT) No. 1609/2020/H.Edn. Dated 23.12.2020

മേൽ സൂചന രണ്ട് പ്രകാരം കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ 2020 -2021 അക്കാദമിക വർഷം കോളേജുകൾ / സർവ്വകലാശാല പഠന വിഭാഗങ്ങൾ 04.01.2021 മുതൽ നേരിട്ടുള്ള ക്ലാസ്സുകൾ ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം അവസാന വർഷ ബിരുദ ക്ലാസ്സുകളും ഒന്നും രണ്ടും വർഷ ബിരുദാനന്തരബിരുദ ക്ലാസ്സുകളും ഗവേഷണ പഠനവും ക്രമീകരിക്കുന്നതിന് ആവശ്യമായ പൊതു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സൂചന 1 ലെ യു.ജി.സി നിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണം ക്ലാസ്സുകൾ ക്രമീകരിക്കേണ്ടത്.
2. ക്ലാസ്സ് റൂമുകളുടെ ഭൗതിക സാഹചര്യം അനുസരിച്ച് പരമാവധി ഉൾക്കൊള്ളിക്കാൻ കഴിയുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ പകുതി (50%) വിദ്യാർത്ഥികൾക്ക് മാത്രമേ ഒരു സമയം ക്ലാസ്സ് നടത്താൻ പാടുള്ളൂ.
3. ശാരീരിക അകലം പാലിക്കുന്നതിനുവേണ്ടി കോളേജിലെ മൊത്തം പഠനവകുപ്പുകളുടെ പകുതി വീതം എന്ന നിലയിൽ ഷിഫ്റ്റുകളായി പരിഗണിക്കാവുന്നതാണ്.
4. രണ്ട് ഷിഫ്റ്റകളിൽ ക്ലാസ്സുകൾ നടത്തുന്ന സാഹചര്യത്തിൽ ഓരോ ഷിഫിറ്റിനും പരമാവധി 5 മണിക്കൂർ ക്ലാസ്സുകൾ എന്ന നിലയിൽ ക്ലാസ്സുകൾ ക്രമീകരിക്കേ താണ്. പ്രസ്തുത ക്ലാസ്സുകൾക്ക് 8.30 മുതൽ 5 വരെയുള്ള സമയ ക്രമം പാലിക്കേണ്ടതാണ്.
5. ഷിഫ്റ്റ്  സമ്പ്രദായമല്ലെങ്കിൽ കോളേജുകൾക്ക് താഴെപറയുന്ന സമയക്രമത്തിൽ ഏതെങ്കിലും ഒന്ന് സ്വീകരിക്കാവുന്നതാണ്.

   8.30 മുതൽ 1.30 വരെ
   9 മുതൽ 2 വരെ
   9.30 മുതൽ 3.30 വരെ
   10 മുതൽ 4 വരെ

6. അദ്ധ്യാപകർ തങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ക്ലാസ്സുകൾ ഉള്ള ഷിഫ്റ്റ് സമയത്ത് പൂർണമായും കോളേജുകളിൽ ഹാജരായിരിക്കണം . ഷിഫ്റ്റ് ഇല്ലാത്ത കോളേജുകളിൽ കോളേജുകൾ നടപ്പാക്കാനുദ്ദേശിക്കുന്ന മേൽ സൂചിപ്പിച്ച (ക്രമ നമ്പർ 5-ൽ) സമയക്രമത്തിൽ ഹാജരായിരിക്കണം. ഇക്കാര്യം കോളേജ്ജ് കൗൺസിൽ യോഗം ചേർന്ന് തീരുമാനമെടുക്കണം. അധ്യാപകർ തങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഷിഫ്റ്റ്  സമയത്ത് മാത്രം കോളേജിൽ ഹാജരായാൽ മതിയാവും.
7. ഒറ്റ ഷിഫ്റ്റിൽ നടത്തുന്ന സാഹചര്യത്തിലും വിദ്യാർത്ഥികൾക്ക് പരമാവധി 5 മണിക്കൂർ ക്ലാസ്സുകൾ എന്ന നിബന്ധന പാലിക്കേണ്ടതാണ്.
8. അടിയന്തിര പ്രാധാന്യമുള്ള പാഠഭാഗങ്ങൾക്കും, ലബോറട്ടറി ക്ലാസ്സുകൾക്കും മുൻഗണന നല്കേണ്ടതാണ്.
9. ആറാം സെമസ്റ്റർ സിലബസിലെ നേരിട്ട് അധ്യയനം നടത്തേണ്ട പാഠഭാഗങ്ങൾ ഓൺലൈനായി പഠിപ്പിക്കേണ്ട ഭാഗങ്ങൾ പ്രധാന ലബോറട്ടറി സെഷനുകൾ എന്നിവ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ചർച്ച ചെയ്ത് കോളേജ് കൗൺസിലിൽ അവതരിപ്പിക്കുകയും അത് അനുസരിച്ച് ക്ലാസ്സുകൾ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

10. ക്യാമ്പസിനുള്ളിൽ കുട്ടികൾ കൂട്ടംകൂടുന്നതും ആഹാര പദാർത്ഥങ്ങൾ പങ്ക് വയ്ക്കുന്നതും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
11. വിദ്യാർത്ഥഇകളുടെ ഹാജർ നിർബന്ധമാക്കേണ്ടതില്ല
12. ഹോസ്റ്റൽ കോളേജ് ക്യാന്റീൻ തുടങ്ങിയവ കോവിഡ് നിയന്ത്രണങ്ങൾ പാലിച്ച് മാത്രം തുറന്നു പ്രവർത്തിക്കേണ്ടതാണ്.
13. ക്ലാസ്സുകൾ നടത്തുന്നതിന് ആവശ്യമായ സമയക്രമം, ടൈംടേബിൾ തുടങ്ങിയവകോളേജ് കൗൺസിൽ കൂടി തീരുമാനിക്കുകയും ഓരോ കോളേജുകളും ആയത് 07.01.2021 മുൻപായി registrar@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

14. ട്രെയിനിംഗ് കോളേജുകളിൽ മൊത്തം വിദ്യാർത്ഥികളുടെ പകുതി മാത്രം ഒരു സമയം ഹാജരാകുന്ന രീതിയിൽ കോവിഡ് നിയന്ത്രണങ്ങൾക്കനുസൃതമായി ക്ലാസുകൾ ക്രമീകരിക്കാവുന്നതാണ്.

15. കഴിഞ്ഞ സെമസ്റ്ററുകളുടെ ശേഷിക്കുന്ന പരീക്ഷകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് സാധ്യായ ദിവസങ്ങളിൽ കുറവുവരും എന്നുള്ളത് കൊ ് മാർച്ച് മാസം വരെ പൊതു അവധിയല്ലാത്ത ശനിയാഴ്ചകൾ പ്രത്യേക സാഹചര്യമെന്ന നിലയിൽ പ്രവൃത്തി ദിവസമായിരിക്കും. ശനിയാഴ്ച ദിവസത്തെ ടൈംടേബിൾ അതത് കോളേജ് കൗൺലിൽ തീരുമാനിക്കണം.

16. ഒന്നും രണ്ടും വർഷ ബിരുദ ക്ലാസുകൾ മറ്റൊരു നിർദ്ദേശം ഉ ാവുന്നതുവരെ ഓൺലൈൻ ആയി നടത്തേണ്ടതാണ്. ഇത്തരം ക്ലാസുകൾ മാത്രം കൈകാര്യം ചെയ്യുന്ന അധ്യാപകരും കോളേജ് കൗൺസിൽ നിശ്ചയിക്കുന്ന ഷിഫ്റ്റിൽ കോളേജിൽ ഹാജരായി ക്ലാസുകൾ നടത്തേണ്ടതാണ്.

17. അവസാന വർഷ വിദ്യാർത്ഥികളുടെ പ്രോജക്ട്, ലബോറട്ടറി ക്ലാസുകൾ, മറ്റ് അടിയന്തിര പ്രധാന്യമുള്ള വിഷയങ്ങൾ എന്നിവ സംബന്ധിച്ച അധിക മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പഠന ബോർഡുകളുടെ ശുപാർശ അനുസരിച്ച് പുറപ്പെടുവിക്കുന്നതാണ്.

18. സർവ്വകലാശാല യുവജനോത്സവവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അധ്യാപകരുടെ മേൽ നോട്ടത്തിൽ കോളേജുകളിൽ ആരംഭിക്കാവുന്നതാണ്.

19. കായിക വിദ്യാർത്ഥികളുടെ പരിശീലന പരിപാടികൾ ആരംഭിക്കുന്നതിന് ആവശ്യമായ കോളേജ്തല മാർഗ്ഗരേഖ കായിക വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ തയ്യാറാക്കുകയും അത് പ്രകാരം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊ ് പിരശീലനപരിപാടികൾ ആരംഭിക്കാവുന്നതും ആണ്.

20. കോളേജ് അടിസ്ഥാനത്തിൽ കോവിഡ് നിയന്ത്രണങ്ങൾ വിലയിരുത്തുന്നതിനായി കോവിഡ് 19 മേൽനോട്ട പരിശോധനസമിതി (Covid 19 Monitoring Committee) താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സമിതി അംഗങ്ങളുടെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ അറിവിലേക്കായി (വിലാസം ഫോൺ നമ്പർ എന്നിവ സഹിതം) കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും registrar@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

**സമിതി അംഗങ്ങൾ**

പ്രിൻസിപ്പൽ (കൺവീനർ)
ര ് അധ്യാപക പ്രതിനിധികൾ (ഒരാൾ അധ്യാപിക)

അനധ്യാപക പ്രതിനിധി
ഹെൽത്ത് ഇൻസ്പെക്ടർ
പി.റ്റി പ്രതിനിധി
വിദ്യാർത്ഥി പ്രതിനിധി.

21. ആദ്യത്തെ പത്തു ദിവസത്തിന് ശേഷം നടത്തുന്ന പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർന്നു വരുന്ന ക്ലാസുകൾ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സർവ്വകലാശാല നൽകുന്നതായിരിക്കും.